**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3638 | 14.03.2017 ൽ മറുപടിക്ക്

## ആരോഗ്യ സേന

| ചോദ്യം<br><br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ പരിപാലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാർഡുതലത്തിൽ ആരോഗ്യ സേനയ്ക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | വാർഡുമെമ്പർ ചെയർമാനായും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് കൺവീനറായും ഉള്ള വാർഡുതല ശുചിത്വ പോഷണ സമിതികൾ കേരളത്തിലെ എല്ലാ ഗ്രാമ നഗര പ്രദേശങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം സേനകളുടെ പ്രവർത്തനവും ഘടനയും വ്യക്തമാക്കാമോ; | (ബി) | രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർ, സ്കൂൾ ടീച്ചർമാർ, ആയുർവ്വേദ, ഹോമിയോ, യുനാനി, സിദ്ധ എന്നീ വിഭാഗത്തിലെ രജിസ്റ്റേഡ് പ്രാക്ടീഷണർമാർ, അംഗൻവാടി വർക്കർ, കുടുംബശ്രീ മെമ്പർ, ആശാവർക്കർ, എം.എസ്.എസ്. വോളന്റിയർ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, ട്രൈബൽ പ്രൊമോട്ടർ, എൻ.ജി.ഒ.അംഗങ്ങൾ എന്നിവർ അടങ്ങുന്നതാണ് ആരോഗ്യ ശുചിത്വ പോഷണ സമിതി.<br><br>വാർഡ് ഹെൽത്ത് സാനിറ്റേഷൻ സമിതിയിലെ അംഗങ്ങൾ യഥാസമയം യോഗം ചേർന്ന് ആ വാർഡിലെ പ്രധാന പൊതുജനാരോഗ്യ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തി ചർച്ചചെയ്ത് മുൻഗണനാ ക്രമത്തിൽ പരിഹരിക്കാനുള്ള പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്ത് പ്രവർത്തന രൂപരേഖ തയ്യാറാക്കി പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ദേശീയ ആരോഗ്യമിഷൻ (എൻ.എച്ച്.എം)-ൽ നിന്നും കിട്ടുന്ന പതിനായിരം രൂപയും ശുചിത്വ മിഷനിൽ നിന്നും അനുവദിക്കുന്ന പതിനായിരം രൂപയും പഞ്ചായത്തിന്റെ തനതു വിഹിതമായ അയ്യായിരം രൂപയും കൂടി ആകെ ഇരുപത്തി അയ്യായിരം രൂപ ഇത്തരം പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി പ്രതിവർഷം വിനിയോഗിക്കുന്നു. |

→

| | | | |
|---|---|---|---|
| (സി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ആരംഭിച്ച നവകേരള മിഷന്റെ നാല് ഘടകങ്ങളിലൊന്നാണ് ആർദ്രം മിഷൻ. ഈ പദ്ധതിയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ പ്രാഥമിക ഘട്ടമെന്ന നിലയിൽ വിവിധ റവന്യൂ/ബ്ലോക്ക് അസംബ്ലി മണ്ഡലങ്ങൾ ഉൾപ്പെടുന്ന രീതിയിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അവിടെ ഡോക്ടർമാർ, ഹെഡ്നേഴ്സ്, സ്റ്റാഫ് നേഴ്സ്, ലാബ്ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുമായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ